**"ഭരണഭാഷ - മാതൃഭാഷ"**

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ്- ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സെർവന്റ് - ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) 31/01/1978 ലെ ജി.ഒ.(പി) 78/78/GAD നമ്പർ സർക്കാർ ഉത്തരവ്.
2) 20/02/2009 ലെ ജി.ഒ.(പി) 9/2009/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
3) 5/09/2012 ലെ ജി.ഒ.(എം.എസ്) നമ്പർ 487/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4) ഈ ആഫീസിലെ 18/08/2016 ലെ ഇ.എ(1) 2016/2016/ ഡിഇഎസ് നമ്പർ ഉത്തരവ്.
5) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20/08/2016 ലെ ഇ (2) 2450/2016/ ഡിഇഎസ്പി നമ്പർ ഇ-മെയിൽ സന്ദേശം.
6) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20/08/2016 ലെ എ(1) 2386/2016/ ഡിഇഎസ്എം നമ്പർ ഫാക്സ് സന്ദേശം.

**ഉത്തരവ് നമ്പർ ഇ.എ (3) 14/2014/ഡി.ഇ.എസ് തീയതി, 26/08/2016**

കേരള സ്റ്റാറ്റിസ്റ്റിക്സ് & ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബിഎ ഇക്കണോമിക്സ് / ബിഎസ്സി (മാത്സ്/ സ്റ്റാറ്റിസ്റ്റിക്സ്), ബികോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബികോം വിത്ത് ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യതയുള്ളവരും മൂന്ന് വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആഫീസ് അറ്റൻഡന്റുമാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നമ്പർ.9 ആയിട്ടുള്ള മണ്ണാർക്കാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീമതി.ചിന്താമണി.പി യ്ക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ പാലക്കാട് ജില്ലയിൽ നിയമനം നൽകണമെന്ന് ശ്രീമതി.ചിന്താമണി.പി അപേക്ഷിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി പാലക്കാട് ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ല എന്ന് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ചിന്താമണി.പി യ്ക്ക് 22200-48000 രൂപ പരിഷ്കരിച്ച ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി പരാമർശം (6) പ്രകാരം ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് മലപ്പുറം ജില്ലാ ആഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. പാലക്കാട് ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ശ്രീമതി.ചിന്താമണി.പി യ്ക്ക് നിയമനം നൽകേണ്ടതും ടി വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ടിയാൾ യഥാസമയം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് മലപ്പുറം ജില്ലാ ആഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

ഒപ്പ്
**വർക്കി.ടി.ജെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, മലപ്പുറം
2) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, പാലക്കാട്
3) ഡയറക്ടർ ജനറൽ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
4) ഗ്രഡേഷൻ സെൽ / ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

PM 29/08